## പതിനാലാം കേരള നിയമസഭ
## പതിനാറാം സമ്മേളനം
## നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം.503
## 29.10.2019 ലെ മറുപടിയ്ക്ക്

**ചോദ്യം** | **മറുപടി**

ശ്രീ ടി.എ. അഹമ്മദ് കബീർ

ഡോ.ടി.എം തോമസ് ഐസക്,
ബഹു.ധനകാര്യവും കയറും വകുപ്പ് മന്ത്രി

**ഡി.എ. കുടിശ്ശിക**

| SL No | ചോദ്യം | ഉത്തരം |
|---|---|---|
| എ | സംസ്ഥാന സർക്കാർ ജീവനക്കാർക്കും പെൻഷൻകാർക്കും കേന്ദ്ര സർക്കാർ ഒടുവിൽ പ്രഖ്യാപിച്ച ഡി.എ അടക്കം എത്ര ശതമാനം കുടിശ്ശിക നൽകുവാനുണ്ടെന്ന് വ്യക്തമാക്കാമോ ; | സംസ്ഥാന സർക്കാർ ജീവനക്കാർക്ക് കേന്ദ്ര സർക്കാർ 2019 ജനുവരിയിൽ പ്രഖ്യാപിച്ച 3% ക്ഷാമബത്തക്കും 2019 ജൂലൈയിൽ പ്രഖ്യാപിച്ച 5% ക്ഷാമബത്തക്കും ആനുപാതികമായ ക്ഷാമബത്ത നൽകാനുണ്ട്. |
| ബി | കേന്ദ്ര സർക്കാർ ഡി.എ അനുവദിക്കുന്ന കാലഘട്ടത്തിൽ തന്നെ അതേ ഡി.എ സംസ്ഥാന സർക്കാർ ജീവനക്കാർക്കും അനുവദിക്കുന്നതിന് കാലതാമസം നേരിടുന്നത് സംബന്ധിച്ച് വിശദമാക്കാമോ ; | സംസ്ഥാന സർക്കാരിന്റെ ധന സ്ഥിതി, മാനേജ്മെന്റ് തുടങ്ങിയ നിരവധി കാര്യങ്ങൾ പരിശോധിച്ചാണ് കാലാകാലങ്ങളിൽ ജീവനക്കാരുടെ ഡി.എ. സംബന്ധിച്ച തീരുമാനം കൈക്കൊള്ളാറുള്ളത്. കുടിശ്ശിക ആയ ക്ഷാമബത്ത ജീവനക്കാരുടെ അവകാശമാണ് എന്ന നയമാണ് സർക്കാരിന്റേത്. മേൽ പറഞ്ഞ കാര്യങ്ങൾ കൂടി പരിഗണിച്ച് ഡി.എ. നൽകുന്ന കാര്യം ആലോചിക്കുന്നതാണ്. |
| സി | ഇതു സംബന്ധിച്ച് സർവ്വീസ് /പെൻഷൻ സംഘടനകളിൽ നിന്നും നിവേദനങ്ങൾ ലഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയതിന്മേൽ സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്ന് അറിയിക്കാമോ? | ഇതു സംബന്ധിച്ച് സർവ്വീസ്/പെൻഷൻ സംഘടനകളിൽ നിന്നും നിവേദനങ്ങൾ ലഭിച്ചിട്ടുണ്ട്. അവയ്ക്ക് മറുപടി നൽകുകയും ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ